LOURDES HOSPITAL
www.lourdeshospital.in

# LOURDES PULSE

A Bulletin of Lourdes Hospital

8 pages
Book 2 Vol 1
July - Aug. 2012

SCANNING

വൈദ്യന് അർഹമായ സ്ഥാനം നൽകുക
Page 2

Signature
Page 2

പാൻമസാല നിരോധനം: പ്രസക്തിയും പ്രശ്നങ്ങളും
Page 3

ചികിത്സകൾ ധാർമ്മിക പ്രതിസന്ധികളിലൂടെ
Page 4

ഫാമിലി മെഡിസിൻ ചില ആരോഗ്യകരമായ അറിവുകൾ
Page 5

News Line
Page 6

ദൈവം തണലായ് വരുന്ന നിമിഷങ്ങൾ
Page 7

വർണ്ണങ്ങളുടെ സംഗമം
Page 7

സാങ്കേതിക പുതുമകൾ
Page 8

പ്രകൃതി കരയുന്നു
Page 8

HEART BEATS

## കുടുംബങ്ങളുടെ സമ്പൂർണ ആരോഗ്യ ദൗത്യവുമായി ലൂർദ് ആശുപത്രി

സമീപ കാലത്ത് ആഗോളതലത്തിൽ ശ്രദ്ധേയമായിക്കൊണ്ടിരിക്കുന്ന ആരോഗ്യ പരിരക്ഷാ വിഭാഗമാണ് ഫാമിലി മെഡിസിൻ. പ്രായഭേദമെന്യേ ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങളുടെയും സമ്പൂർണ ആരോഗ്യം ലക്ഷ്യം വയ്ക്കുന്ന ഫാമിലി മെഡിസിന്റെ സാധ്യതകൾ ജനങ്ങൾക്കെത്തിച്ചു കൊടുക്കാൻ ലൂർദ് ആശുപത്രി മുന്നിട്ടിറങ്ങിയിരിക്കുന്നു. അവരവരുടെ കുടുംബ പശ്ചാത്തലത്തിൽ വ്യക്തികളുടെ രോഗാവസ്ഥ പഠിച്ചു പരിഹാരം കാണുകയും ഭാവിയിലെ രോഗസാധ്യതകൾക്കു തടയിടുകയും ചെയ്തു സമൂഹത്തിന്റെ സമഗ്ര സുസ്ഥിതി കൈവരിക്കുകയാണ് ഈ ദൗത്യത്തിന്റെ ലക്ഷ്യം.

പാശ്ചാത്യരാജ്യങ്ങളിൽ സുപരിചിതമായ ഫാമിലി ഡോക്ടർ സംവിധാനത്തിന്റെ മാതൃകയിൽ ഇന്ത്യയിലും ആരംഭിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദേശം അനുവർത്തിച്ചു കൊണ്ടാണ് ഫാമിലി മെഡിസിൻ വിഭാഗം ലൂർദ് ആശുപത്രിയിൽ ആരംഭിക്കുന്നത്. ചെലവു കുറവും എവർക്കും പ്രാപ്യവുമാണെന്നതാണ് ഇതിന്റെ സവിശേഷത. ആശുപത്രിയിൽ തന്നെ പ്രവർത്തിക്കുന്ന ഒ.പി. വിഭാഗത്തിന്റെ സേവനം കൂടാതെ ഭവനകേന്ദ്രീകൃത പരിചരണവും ഉണ്ടായിരിക്കും. അതോടൊപ്പം, ചേന്നൂർ, കാരിക്കാട് തുരുത്ത്, വലിയ കടമക്കുടി, ചെറിയ കടമക്കുടി, നെടുങ്ങാട്, പാപ്പാകടപ്പുറം തുടങ്ങിയ സ്ഥലങ്ങളിൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ഇടപ്പള്ളി ഉണിച്ചിറ പള്ളിയിലും പാലാരിവട്ടം പി.ഒ.സി.യിലും നിശ്ചിത ദിവസങ്ങളിൽ ഒ.പി. സേവനം ലഭ്യമാണ്.

ലൂർദ് ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. പോൾ പുത്തൂരാൻ നേതൃത്വം നൽകുന്ന ഫാമിലി മെഡിസിൻ സംരംഭത്തിൽ ഡോ. രശ്മി മേനോൻ MBBS, DNB (Family Medicine) കൺസൾട്ടന്റായി സേവനം ചെയ്യുന്നു. നേഴ്സിംഗ് സൂപ്രണ്ട്, ഫാർമസി സൂപ്പർവൈസർ, ഫിസിയോ തെറാപ്പിസ്റ്റ്, മെഡിക്കോ സോഷ്യൽ വർക്കേഴ്സ് എന്നിവരടങ്ങുന്ന സംഘമാണ് ഫാമിലി മെഡിസിൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നത്.



STETHOSCOPE



# വൈദ്യന് അർഹമായ സ്ഥാനം നൽകുക

യവനപുരാണങ്ങളിലെ ദേവവൈദ്യന്റെ പേരാണ് എസ്ക്ലിപിയസ്. മരിച്ചവരെ പുനർജീവിപ്പിക്കാനുള്ള കഴിവ് എസ്ക്ലിപിയസ് നേടിയത് ഒരു പാമ്പിൽ നിന്നാണെന്ന് ഐതിഹ്യം. ആ കഥയിങ്ങനെ: ഒരിക്കൽ, ചികിത്സയ്ക്കിടെ വന്നു കയറിയ പാമ്പിനെ കൈയിലുണ്ടായിരുന്ന കമ്പു കൊണ്ട് എസ്ക്ലിപിയസ് അടിച്ചു കൊന്നു. പൊടുന്നനെ, ചത്ത പാമ്പിന്റെ ഇണ വായിൽ കുറെ ഇലകളും വേരുകളുമായി വന്ന് ഇണയെ മരണത്തിൽ നിന്നും വീണ്ടെടുത്തു. എസ്ക്ലിപിയസ് ആ ചെടികളും മരുന്നും കണ്ടെടുത്ത് തന്റെ ചികിത്സയിൽ ഉപയോഗിക്കാൻ തുടങ്ങി. വൈദ്യനിപുണതയും, കരുണയും, വിനയവും, സഹാനുഭൂതിയും കൊണ്ട് ആദരം നേടിയ വൈദ്യനായ എസ്ക്ലിപിയസിൽ നിന്നാണ് വൈദ്യശാസ്ത്ര ചിഹ്നമായ കമ്പും പാമ്പും ഉത്ഭവിച്ചത്. സർഗ്ഗാത്മകതയും, ഗവേഷണ തത്പരതയും, സഹജാവബോധവും ഒത്തു ചേരേണ്ട പ്രൊഫഷനാണ് ഒരു ഡോക്ടറുടേതെന്ന ഓർമ്മപ്പെടുത്തൽ വൈദ്യശാസ്ത്ര ചിഹ്നത്തിൽത്തന്നെ അന്തർലീനമാണ്.

മരുഭൂമിയിൽ സർപ്പദംശനമേറ്റ ഇസ്രായേല്യരെ രക്ഷിക്കാൻ മോസസ് വടിയിൽ ഉയർത്തിയ പിച്ചള സർപ്പത്തെക്കുറിച്ച് ബൈബിൾ പ്രതിപാദിക്കുന്നുണ്ട്. സർപ്പത്തിന്റെ കടിയേറ്റവർ അതിൽ നോക്കിയപ്പോൾ ജീവിച്ചു. (സംഖ്യാ 21:8) മനുഷ്യകുലത്തിനു ജീവൻ പ്രദാനം ചെയ്യുന്ന ശ്രേഷ്ഠമായ തൊഴിലാണ് വൈദ്യന്റേത്.

ജീവന് നൽകയായി തീരാൻ കടപ്പെട്ട ഈ മഹത്തായ സേവനരംഗം നിർഭാഗ്യവശാൽ ചിലപ്പോഴെല്ലാം അപമാനിതമായി നിൽക്കുന്ന കാഴ്ചയും നാം കാണുന്നുണ്ട്. ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയ സത്യമേവ ജയതേ എന്ന ഹിന്ദി ടെലിഷോയിലൂടെ പ്രമുഖ ബോളിവുഡ് താരം അമീർഖാൻ ഇക്കഴിഞ്ഞ മേയ് 27ന് വൈദ്യരംഗത്തെ ക്രമക്കേടുകൾ തുറന്നു കാട്ടിയത് ഏറെ ചർച്ചയായി. ഈ പശ്ചാത്തലത്തിൽ ഉയർന്ന ചില ചോദ്യങ്ങൾ ചിന്തോദ്ദീപകമാണ്:

ജനസേവനം ഡോക്ടർമാർ ആരുടെയും നിർബന്ധം കൂടാതെ സ്വയമേവ തെരഞ്ഞെടുത്തതല്ലേ?
ഡോക്ടർമാരെ പോലെ തന്നെ ഗ്രാമീണസേവനം ചെയ്യാൻ മറ്റുള്ളവർക്കും കടമയില്ലേ?
പുതുതായി പഠിച്ചിറങ്ങുന്ന എഞ്ചിനീയർമാർ ഗ്രാമീണ റോഡുകളും വ്യവസായ സംരംഭങ്ങളും ക്രമീകരിക്കാൻ നിർബന്ധിതരാകേണ്ടതല്ലേ?
നിയമവിദഗ്ദ്ധർ കോർപ്പറേറ്റ് ജോലി തേടും മുമ്പ് പാവപ്പെട്ടവരുടെ പബ്ലിക് പ്രോസിക്യൂട്ടർമാരായി സേവനം ചെയ്തു കൂടേ?
ചാർട്ടേഡ് എക്കൗണ്ടന്റുകൾ ഓഡിറ്റർ ജനറലിന്റെ കീഴിൽ സേവനം ചെയ്യേണ്ടതല്ലേ?
ഐ.ഐ.ടി., ഐ.ഐ.എം. മിടുക്കൻമാർ വിദേശ പലായനം നടത്തും മുൻപ് സ്വരാജ്യ പുരോഗതിക്കായ് ആസൂത്രണം നടത്തേണ്ടതല്ലേ?
ഇവരുടെ സേവനം ഗ്രാമങ്ങൾക്കു ലഭിക്കും വിധം സർക്കാർ ചട്ടങ്ങൾ നിർമ്മിച്ചാൽ ഇന്ത്യയുടെ ആത്മാവ് ഉണരില്ലേ?
മരുന്നെഴുതുന്ന ഡോക്ടർമാർക്കു മരുന്നിന്റെ വില നിയന്ത്രിക്കാനധികാരമുണ്ടോ?
തന്റേതല്ലാത്ത കാരണത്താൽ പൊലിഞ്ഞ ജീവന്റെ പേരിൽ ആക്രോശിക്കുമ്പോഴും ആയിരങ്ങളുടെ ജീവൻ രക്ഷിച്ച സേവനപുണ്യത്തെ സ്മരിക്കാത്തതെന്തുകൊണ്ട്?

ഡോക്ടർമാരുടെ ദേശീയ ദിനത്തിൽ ഡോക്ടർമാർ ഓർമ്മിക്കുന്ന പേരാണ് ഡോക്ടർ ബിധാൻ ചന്ദ്ര റോയ്. 1882 ജൂലൈ 1 ന് ജനിച്ച് 1962 ജൂലൈ 1 ന് ഇഹലോകവാസം വെടിഞ്ഞ ആ മഹാനുഭാവന്റെ അതുല്യവ്യക്തിത്വം വൈദ്യശാസ്ത്ര പഠിതാക്കൾക്ക് എന്നും പ്രചോദനമാണ്.

വൈദ്യ സമൂഹത്തെ നോക്കി രോഗി പറയട്ടെ: *പ്രിയ ഡോക്ടർ, രോഗാവസ്ഥയിൽ അങ്ങ് ഞങ്ങൾക്ക് പിതൃതുല്യനും രോഗം ഭേദമാകുമ്പോൾ സുഹൃത്തും ആരോഗ്യം വീണ്ടെടുത്തു കഴിഞ്ഞാൽ ഞങ്ങളുടെ രക്ഷകർത്താവുമാണ്. ഞങ്ങളുടെ പ്രതീക്ഷകളുടെ വിളക്കുകൾ കെടാതെ കാക്കുക.* മനുഷ്യൻ രോഗത്തിനും മരണത്തിനും വിധേയനായിരിക്കുന്നിടത്തോളം കാലം അവന് വൈദ്യനെക്കൊണ്ട് ആവശ്യമുണ്ട്. രോഗാതുരമാകുന്ന വൈദ്യശാസ്ത്ര രംഗത്തെ ചൈതന്യവത്താക്കാൻ നിലകൊള്ളുന്ന സമർപ്പിതർക്ക് അഭിവാദ്യങ്ങൾ.

ഡോക്ടേഴ്സ് ദിനത്തിന്റെ ശുഭാശംസകൾ!

**ഫാ. സാബു നെടുനിലത്ത്**
ഡയറക്ടർ

SIGNATURE



**അജയ് ആന്റണി :**
എറണാകുളം

ലൂർദ് ആശുപത്രിയിലെ പുതിയ ബ്ലോക്കിൽ ചികിത്സയിലായിരുന്ന എന്റെ അമ്മ തങ്കം ആന്റണിക്കു നൽകിയ മികച്ചതും കൃത്യതയാർന്നതുമായ ശുശ്രൂഷയ്ക്കു നന്ദി. പ്രത്യേകിച്ച്, വളരെ ഉത്തരവാദിത്വപൂർവം സേവനം നൽകിയ സിസ്റ്റേഴ്സിനെയും ഡോക്ടർമാരെയും ഞാൻ ഈ അവസരത്തിൽ നന്ദിപൂർവം സ്മരിക്കുന്നു.

**തോമസ് ഉമ്മൻ :**
പാലാരിവട്ടം, കൊച്ചി

എന്റെ അമ്മയ്ക്ക് പ്രശാന്തമായ ഒരു മരണം ലഭിച്ചതിന് ലൂർദ് സ്റ്റാഫിന്റെയും അധികാരികളുടെയും സന്മനസ്സിന് ഞാൻ എന്നും കടപ്പെട്ടവനായിരിക്കും. പ്രത്യേകിച്ച്, അമ്മയുടെ അവസാന മണിക്കൂറുകളിൽ ഞങ്ങൾ മക്കളെല്ലാവരെയും അമ്മയുടെ അരികിൽ ഇരിക്കാൻ അനുവദിച്ചതിന്. ആ അപൂർവ മണിക്കൂറുകളുടെ ഓർമകളാണ് ഈ വേർപാടിൽ ഞങ്ങളുടെ സാന്ത്വനം. സമാധാനത്തോടെ മരിക്കാൻ അമ്മയെ തുണച്ചതും അതു തന്നെ. കാര്യക്ഷമവും മനുഷ്യത്വം നിറഞ്ഞതുമായ നേഴ്സിംഗ് സേവനത്തിനും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ജോയ് സെബാസ്റ്റിൻ :**

32 ാം വാർഡിലെ നേഴ്സിംഗ് സ്റ്റാഫിന്റെ സേവനം അതുല്യമായിരുന്നു. അവരുടെ ക്ഷമാശീലവും മര്യാദയും സേവനത്തിലുള്ള ശ്രദ്ധയും അർപ്പണമനോഭാവവും എന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. അഭിനന്ദനങ്ങൾ!

**കെ. ടി. പോളി :**
ഇരിങ്ങാലക്കുട

എന്റെ മകളുടെ പ്ലാസ്റ്റിക് സർജറി ചികിത്സയ്ക്കു വേണ്ടിയാണ് ഞാൻ ലൂർദ് ആശുപത്രിയിൽ എത്തിയത്. ഇവിടത്തെ നേഴ്സിംഗ് സ്റ്റാഫിന്റെ മാതൃകാപരമായ സേവനം എനിക്ക് അവിസ്മരണീയ അനുഭവമായി. അവർക്ക് എന്റെ ഹൃദയം നിറഞ്ഞ നന്ദി.

ANTIBIOTIC

LOURDES PULSE



# പാൻമസാല നിരോധനം:
## പ്രസക്തിയും പ്രശ്നങ്ങളും

**രതീഷ് എസ്. ആർ.** MPhil
Clinical Psychologist

*ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ഓരോ വർഷവും ലോകമാകമാനം നാല് ദശലക്ഷം പേർ പുകയിലജന്യരോഗങ്ങളാൽ മരണപ്പെടുന്നു. വികസ്വര രാഷ്ട്രങ്ങളിൽ പത്തിൽ ഒരാളുടെ മരണവും പുകയിലജന്യരോഗങ്ങൾ മൂലം ആണ്. ഈ കണക്കുകൾ 2030 ആകുമ്പോഴേയ്ക്കും 10 ദശലക്ഷമായി വർദ്ധിക്കും. ഇന്ത്യയിൽ ഓരോ വർഷവും പത്തു ലക്ഷം പേരും കേരളത്തിൽ ഏകദേശം 24,000 പേരും പുകയിലയുടെ ഉപയോഗം മൂലം മരണപ്പെടുന്നു. എന്നിരുന്നാലും പുകയിലയുടെ ഉപയോഗം നാൾക്കുനാൾ കൂടിവരുന്നതായിട്ടാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.*

*പ്രാചീനകേരളത്തിൽ വിവാഹ ചടങ്ങുകളിലും മറ്റു വിശേഷ അവസരങ്ങളിലും വെറ്റില, പാക്ക്, ചുണ്ണാമ്പ് തുടങ്ങിയവ ചേർന്നുള്ള മുറുക്കിന് സാമൂഹികമായ പ്രാധാന്യം ലഭിച്ചിരുന്നതായി കാണാം. 1600ൽ പോർച്ചുഗീസുകാരുടെ വരവോടുകൂടി പുകയില അവതരിപ്പിക്കപ്പെട്ടു. തുടർന്നു വന്ന ബ്രിട്ടീഷുകാർ വ്യവസായിക അടിസ്ഥാനത്തിൽ പുകയില ഉത്പാദനം ആരംഭിച്ചു. ഇന്ന് പുകയിലയുടെ ഉത്പാദനത്തിൽ ഇന്ത്യയ്ക്ക് 3-ാം സ്ഥാനമാണ്. കാലത്തിനനുസരിച്ച് ഇവയുടെ രൂപവും ഭാവവും മാറി വന്നു. കേരളീയരുടെ സാമൂഹിക ചുറ്റുപാടിൽ വന്ന മാറ്റവും, പ്രവാസ ജീവിതവും ഉത്തരേന്ത്യൻ തൊഴിലാളികളുടെ വരവും, സ്വാധീനവും വെറ്റില മുറുക്കിൽ നിന്നും പാൻമസാല, ഖുഗ്ഖ, കൈനി, പാൻപരാഗ് തുടങ്ങിയവയിലേക്കുള്ള പരിവർത്തനത്തിന് കാരണമായി. സുലഭ്യതയും, വിലക്കുറവും, ഉപയോഗിക്കുവാനുള്ള എളുപ്പവും, ദൂഷ്യത്തെ പറ്റിയുള്ള അജ്ഞതയും ഇവയുടെ ഉപയോഗം വർദ്ധിക്കുവാനുള്ള ഒരു കാരണങ്ങളാണ്. പ്രസ്തുത സാഹചര്യത്തിൽ കേരള സർക്കാർ പാൻമസാലകളുടെ വിപണനം നിരോധിച്ചത് സന്തോഷകരമായ വാർത്തയാണ്. എന്നിരുന്നാലും ഓരോ വ്യക്തിയും സ്വന്തമായി തീരുമാനമെടുക്കാതെ ഇതിന്റെ ഉപയോഗം മുഴുവനായി തുടച്ചു നീക്കാൻ സാധിക്കില്ല.*

**പുകരഹിത പുകയിലയുടെ ദൂഷ്യഫലങ്ങൾ**

പുകരഹിത പുകയിലയുടെ ഉപയോഗംപുകവലിക്ക് തുല്യമോ അതിൽ കൂടുതലോ ദോഷകരമാണ്. ഇന്ന് വിപണിയിൽ പല തരത്തിലുള്ള പുകരഹിത പുകയില ഉത്പന്നങ്ങൾ ആകർഷകമായ പായ്ക്കുകളിലും ടിന്നുകളിലും ലഭ്യമാണ്. ഇവ പ്രധാനമായും പാൻമസാല, ഖുഗ്ഖ, കൈനി, പാൻപരാഗ് തുടങ്ങി വിവിധ പേരുകളിൽ അറിയപ്പെടുന്നു.

പഠനങ്ങൾ തെളിയിക്കുന്നത് പുകരഹിത പുകയിലയിൽ മൂവായിരത്തിലധികം രാസവസ്തുക്കളും 28 തരം അർബുദ കാരണങ്ങളായ രാസപദാർത്ഥങ്ങളും അടങ്ങിയിരിക്കുന്നു എന്നാണ്. പൊളോണിയം (കാൻസറിന് കാരണമാകുന്ന വസ്തു), ഫോർമൽഡിഹൈഡ് (മൃതശരീരങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്നത്), കാഡ്മിയം (ബാറ്ററിയിൽ ഉപയോഗിക്കുന്ന രാസവസ്തു), ആർസനിക് (എലിവിഷത്തിൽ ഉപയോഗിക്കുന്നത്), ബെൻസൈൻ തുടങ്ങിയ മാരക വിഷ വസ്തുക്കൾ ധാരാളമായി ഇവയിൽ കാണപ്പെടുന്നു. കൂടാതെ ഇതിൽ അടങ്ങിയിരിക്കുന്ന നിക്കോട്ടിൻ വായിലെ ചർമ്മത്തിലൂടെയും, ആമാശയത്തിലൂടെയും ശരീരത്തിലെത്തപ്പെടുന്നു. പുകവലിക്കുമ്പോൾ ഉള്ളതിനേക്കാൾ സാവധാനത്തിലാണ് പാൻ മസാലകളിൽ നിന്നും നിക്കോട്ടിൻ ശരീരത്തിൽ പ്രവേശിക്കുന്നത്. പക്ഷേ, ഏറിയ അളവിൽ ഇത് ശരീരത്തിലെത്തുന്നു. നിക്കോട്ടിൻ ശാരീരികവും മാനസികവുമായ ആയ വിധേയത്വം സൃഷ്ടിച്ച് ലഹരിയ്ക്ക് അടിമത്വം ഉണ്ടാക്കുന്നു.


ശ്വാസം ശുദ്ധീകരിക്കും എന്നും നിർദോഷം എന്നും പൊതുവെ കരുതപ്പെടുന്ന പാക്ക് (അടയ്ക്ക) കഫീൻ, ആൽക്കഹോൾ, നിക്കോട്ടിൻ കഴിഞ്ഞാൽ ലോകത്തിലെ നാലാമത്തെ വലിയ മനോരോഗ ഹേതുവായ ലഹരിയാണെന്നാണ് പിൽക്കാലത്തെ പഠനങ്ങൾ തെളിയിച്ചത്. ഇത് അർബുദം പോലുള്ള മഹാരോഗത്തിന്റെ മുഖ്യഹേതുവാണ്.

പാൻമസാലകളുടെ ഉപയോഗം വായ്ക്കുള്ളിലെ കോശങ്ങൾക്ക് നാശം വരുത്തുകയും, മോണ രോഗങ്ങൾക്കും, പല്ലുകളുടെ കേടുപാടുകൾക്കും, മണം രുചി വ്യതിയാനങ്ങൾക്കും, വായിലെ ദുർഗന്ധത്തിനും കാരണമാകുകയും ചെയ്യുന്നു. പാൻമസാലകളിലെ നിക്കോട്ടിനും, പാക്കും മറ്റു വിഷ വസ്തുക്കളും Submucos fibrosis, Leukoplakia തുടങ്ങിയ മാരക അവസ്ഥയ്ക്ക് കാരണമാകുകയും ക്രമേണ അർബുദത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. പാൻമസാലകളുടെ സത്ത്, പിത്താശയം, ആമാശയം, അന്നനാളം ഇവയിലെ അർബുദത്തിന് കാരണമാകുന്നു. പുകയിലിലെ നിക്കോട്ടിൻ രക്തക്കുഴലുകൾ ചുരുങ്ങുന്നതിനും, രക്ത സമ്മർദ്ദം വർദ്ധിപ്പിക്കുന്നതിനും, രക്തത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുന്നത് മൂലം ഹൃദയസംബന്ധമായ രോഗങ്ങൾക്കും മസ്തിഷ്കാഘാതത്തിനും കാരണമാകുന്നു. പാൻമസാലകളുടെ ഉപയോഗം പ്രത്യുത്പാദന ക്ഷമതയെയും ബാധിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. പാൻമസാലകളുടെ അമിതോപയോഗം മാനസിക പിരിമുറുക്കത്തിനും, ഉത്കണ്ഠ, വിഷാദരോഗം, ഉന്മാദം തുടങ്ങിയ മാനസിക പ്രശ്നങ്ങൾക്കും, ശ്രദ്ധക്കുറവ്, മറവി രോഗം തുടങ്ങിയവയ്ക്കും ഹേതുവാകുന്നു.

**പാൻമസാലയും ഇളംതലമുറയും**

വിദ്യാർത്ഥികളിലെ പാൻ മസാലകളുടെ ഉപയോഗം ശ്രദ്ധക്കുറവ്, ഉറക്കക്കുറവ്, ഉന്മാദം, പഠനത്തിന്റെ പിന്നോക്കം, അമിതക്ഷീണം, സ്വഭാവത്തിലെ വ്യതിയാനങ്ങൾ എന്നിവയ്ക്ക് കാരണമാകുന്നു. വിദ്യാർത്ഥികളുടെയും കൗമാരക്കാരുടെയും പാൻമസാലകളുടെ ഉപയോഗം തടയാൻ തുടക്കത്തിലെ കണ്ടുപിടിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. അവർക്ക് പുകയിലയുടെ തരംതിരിവുകളെ പറ്റിയും ദൂഷ്യഫലങ്ങളെ പറ്റിയും ശരിയായ രീതിയിലുള്ള അവബോധം നൽകുന്നതും ഉപയോഗം തടയാൻ സഹായിക്കും.





# ചികിത്സകൾ
## ധാർമ്മിക പ്രതിസന്ധികളിലൂടെ

ഡോ. ജോർജ്ജ് തയ്യിൽ
MD, F.A.M.A. (Cardiology),
F.C.C.P.,F.A.C.C. Fellow
Austrian Board of Cardiology

ആതുര ചികിത്സാപദ്ധതിയിലെ ധാർമ്മിക തത്വങ്ങൾ പ്രധാനമായും നാല് വിതാനങ്ങളിലധിഷ്ഠിതമായി ശ്രദ്ധേയമാകുന്നു. ദുസ്സഹവും നിരാലംബവുമാകുന്ന വേദനയകറ്റി, രോഗശാന്തി നല്കി, ജീവനെ അനുസ്യൂതം നിലനിർത്താൻ ഉദ്യമിക്കുന്നതാണ് ആദ്യത്തേത്. രോഗിക്ക് ഹാനികരമായേക്കാവുന്ന ഏതു ചികിത്സാരീതിയിൽ നിന്നും പിന്മാറുന്നത് മറ്റൊരു പ്രധാന ആദർശമാണ്. മൂന്നാമത്തെ തത്വമായ സ്വയം നിർണ്ണയാവകാശത്തിൽ ചികിത്സാ രീതി തെരഞ്ഞെടുക്കാനുള്ള രോഗിയുടെ അവകാശ സ്വാതന്ത്ര്യത്തിനാണ് ഊന്നൽ നൽകുന്നത്. സത്യത്തിലും നീതിയിലും അധിഷ്ഠിതമായ ആരോഗ്യ രംഗത്തെ വിഭവ വിതരണമാണ് നാലാമതായി അനുഷ്ഠിക്കപ്പെടേണ്ട തത്വം. ഇവിടെ സുലഭമായ ചികിത്സാവിഭവങ്ങൾ തുല്യതയോടെ വിതരണം ചെയ്യുന്നു. ഈ നാല് തത്വങ്ങളും ക്രമാനുഗതമായി സമന്വയിക്കുമ്പോൾ, മറ്റൊരു ശക്തിക്കും തൊട്ടു നശിപ്പിക്കുവാൻ പറ്റാത്ത വിധം ഡോക്ടറും രോഗിയും തമ്മിലുള്ള ബന്ധം സുദൃഢമാകുന്നു.

സർവ്വവിജ്ഞാനീയനെന്ന് കരുതപ്പെടുന്ന ഭിഷഗ്വരൻ ആത്യന്തികമായി ഒരു മനുഷ്യനാണെന്നും, മറ്റേവരേയും പോലെ മാനുഷീക ചാപല്യങ്ങൾക്കും ദ്രവ്യാസക്തികൾക്കും അതീതനല്ലെന്നും, കർമ്മ പരിപാലനപദ്ധതികളുടെ അനുസ്യൂതമായ നടത്തിപ്പിൽ ഇത് പ്രകടമാകാൻ സാധ്യതയുണ്ടെന്നുമുള്ള യാഥാർത്ഥ്യം ചികിത്സാ കർമ്മത്തിന്റെ പരിപാവനതയെ പ്രതികൂലമായി ബാധിക്കുന്നു. ഒപ്പം രോഗിയുടെ ഭാഗത്തു നിന്നുള്ള അനാവശ്യമായ കടന്നു കയറ്റവും ചികിത്സയിൽ അപ്പപ്പോൾ തലയിടാനുള്ള വ്യഗ്രതയും കൂടിയാവുമ്പോൾ ഡോക്ടർ - രോഗി ബന്ധത്തിൽ പാളിച്ചകളുണ്ടാവുന്നു.

ചികിത്സയെപ്പറ്റി തീരുമാനമെടുക്കുന്നതിൽ രോഗിയുടെ പങ്കിനെപ്പറ്റി ചർച്ചകൾ സജീവമാണ്. രോഗിയുടെ ഈ പങ്കിനെ വ്യക്തിസ്വാതന്ത്ര്യവും ആരോഗ്യ സുരക്ഷയും തമ്മിലുള്ള സംഘട്ടനമായി ചിത്രീകരിക്കപ്പെടാറുണ്ട്. രോഗിയുടെയും ഡോക്ടറുടെയും വ്യക്തിപരമായ മൂല്യങ്ങൾ തമ്മിലുള്ള സംഘർഷമായും വിശേഷിപ്പിക്കാറുണ്ട്. ചികിത്സാ സംബന്ധമായ തീരുമാനത്തിൽ തികച്ചും സാങ്കേതികമായ വിലയിരുത്തലാണ് നടക്കുന്നതെന്നും ഇവിടെ ഡോക്ടർ - രോഗി ബന്ധത്തിൽ സമത്വം കാണുന്നതും പലപ്പോഴും ശരിയായി വരില്ലെന്നുള്ള വാദമുഖവും നിലവിലുണ്ട്.

പൊതുവെ പറഞ്ഞാൽ, ഡോക്ടർ - രോഗി ബന്ധത്തിൽ മൂന്നു മാതൃകകളാണുള്ളത്. ഒന്നാമത്തേത് പൗരോഹിത്യ മാതൃകയാണ്. രോഗിയുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കാനുള്ള എല്ലാ ചികിത്സാ പദ്ധതികളും ഡോക്ടർ മാത്രമായി തീരുമാനിക്കുന്നു. വിവിധ പരിശോധനകൾ ആവശ്യാനുസരണം നടത്തി ചികിത്സയെപ്പറ്റി പ്രധാനമായ വിവരങ്ങൾ മാത്രം നല്കുന്നു. ഈ രോഗിക്ക് ഇടപെടാനുള്ള സ്വാതന്ത്ര്യം പരിമിതമാണ്.

അറിവോടെയുള്ള സമ്മതത്തിലൂടെ പരിപൂർണ്ണ ചികിത്സ പദ്ധതി സംവിധാനം ചെയ്യുന്നതാണ് രണ്ടാമത്തെ മാതൃക. ഇത് ഒരു ഉപഭോക്തൃ മാതൃക തന്നെ. രോഗത്തെപ്പറ്റിയും ചികിത്സ രീതിയെപ്പറ്റിയും വ്യക്തവും സുതാര്യവുമായി ഡോക്ടർ രോഗിക്ക് വിവരിച്ചു കൊടുക്കുന്നു. എന്തു വേണമെന്നും വേണ്ടെന്നും തീരുമാനിക്കുന്നതും രോഗിയാണ്. ഈ മാതൃകയിൽ ചികിത്സയെപ്പറ്റിയുള്ള തീരുമാനത്തിൽ രോഗിക്ക് വ്യക്തമായ നിയന്ത്രണമുണ്ട്.

മൂന്നാമത്തേതും ഏറ്റവും ഉദാത്തവുമായ മാതൃക പങ്കാളിത്ത മാതൃകയാണ്. ഡോക്ടറും രോഗിയും ഏതു കാര്യത്തിനും തുറന്ന് ചർച്ച ചെയ്ത ശേഷം ഒരുമിച്ച് തീരുമാനമെടുക്കുന്നു. പങ്കാളിത്ത മാതൃകയിൽ ഡോക്ടർ സാധാരണ കാണുന്നതു പോലെ തികച്ചും അപ്രാപ്യനായ ഒരാളല്ല, മറിച്ച് രോഗിയുടെ സുഹൃത്തും മാർഗ്ഗ ദർശിയുമാണ്. ഇത് ഉത്തമ മാതൃകയെന്നതിലുപരി ചികിത്സയിൽ ധാർമ്മിക പ്രതിസന്ധികളുണ്ടാകുമ്പോൾ അവയെ ക്രിയാത്മകമായി തരണം ചെയ്യുവാൻ ഡോക്ടറെ സഹായിക്കുകയും ചെയ്യുന്നു.

എല്ലാറ്റിനുമുപരി മറ്റൊരു പ്രസക്തമായ കാര്യവും ഡോക്ടർ - രോഗി ബന്ധത്തിന്റെ കെട്ടുറപ്പിക്കുന്നു. അതിമാനുഷ്യതയോ അഹന്തയോ വെടിഞ്ഞ് രോഗിയുടെ തലത്തിലേക്കും ഇറങ്ങി വരാനുള്ള എളിമയും ഡോക്ടർക്കുണ്ടാവണം. ഇത് സാധിക്കണമെങ്കിൽ ഡോക്ടറുടെ മനസ്സിൽ ദൈവ കൃപയുടെ സജീവ സാന്നിധ്യം പ്രസരിക്കണം. തൊട്ടു മുമ്പിൽ നിരാലംബനായിരിക്കുന്ന സഹജീവി ദൈവീക പ്രതീകമാണെന്ന തിരിച്ചറിവുണ്ടാകണം.

LOURDES PULSE



*സമൂഹത്തിന്റെ സമഗ്രമായ നന്മയും ആരോഗ്യവും ലക്ഷ്യം വയ്ക്കുന്ന ഫാമിലി മെഡിസിൻ ഒരു ചികിത്സാ വിഭാഗം എന്ന നിലയിൽ ഇന്ത്യയിൽ അംഗീകരിക്കപ്പെട്ടത് 1990 ലാണ്. ഫാമിലി മെഡിസിനെകുറിച്ചു ലൂർദ് ആശുപത്രിയിലെ ഫാമിലി മെഡിസിൻ വിഭാഗം കൺസൾട്ടന്റ്* ***ഡോ. രശ്മിയോടു ചോദിക്കാം.***

# ഫാമിലി മെഡിസിൻ

## ചില ആരോഗ്യകരമായ അറിവുകൾ

### ഫാമിലി മെഡിസിൻ എന്നാൽ എന്താണ് ?

സമഗ്ര ആരോഗ്യ പരിരക്ഷ ലക്ഷ്യം വച്ചു പ്രവർത്തിക്കുന്ന ചികിത്സാവിഭാഗമാണ് ഫാമിലി മെഡിസിൻ. ഒരു രോഗിയെ രോഗം വഹിക്കുന്ന ഒരു ശരീരം മാത്രമായി കാണാതെ, ഒരു വ്യക്തിയായും, ഒരു കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഭാഗമായും കണ്ട് സമ്പൂർണ്ണ ചികിത്സ നൽകുകയാണ് ഫാമിലി ഫിസിഷ്യന്റെ ദൗത്യം. സ്ത്രീ പുരുഷ ഭേദമെന്യേ ഏത് പ്രായത്തിലുള്ളവർക്കും – കുട്ടികൾ, ഗർഭിണികൾ എന്നിവർ ഉൾപ്പെടെ ഈ വിഭാഗത്തിൽ ചികിത്സ നേടാം. പ്രാഥമിക ചികിത്സയും തുടർന്നുള്ള ചികിത്സയും ലഭ്യമാണ്. രോഗ പ്രതിരോധത്തിനും കൂടുതൽ ഊന്നൽ നൽകുന്നു.

### ഇത് വൈദ്യ ശാസ്ത്രത്തിന്റെ ഒരു പുതിയ ശാഖയാണോ?

അല്ല, പണ്ടു കാലങ്ങളിൽ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്ന കുടുംബ ഡോക്ടർ എന്ന ആശയം തന്നെയാണിത്. വൈദ്യശാസ്ത്രം മുന്നോട്ട് പോകുമ്പോൾ പുതിയ സ്പെഷ്യാലിറ്റികളും വർദ്ധിച്ചു വരികയാണ്. ഇതിനിടയിൽ ആ പഴയ കുടുംബ ഡോക്ടർ അപ്രത്യക്ഷമായി. എന്നാൽ ഭാരതത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ഈ വിഭാഗത്തിന്റെ വർദ്ധിച്ചു വരുന്ന പ്രാധാന്യം മനസ്സിലാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയം ഈ ശാഖയിൽ ഡോക്ടർമാരെ പരിശീലിപ്പിക്കാൻ പുതിയ കോഴ്സുകൾ തുടങ്ങി. ഈ സാഹചര്യത്തിലാണ് ലൂർദ് ആശുപത്രിയിൽ ഫാമിലി മെഡിസിൻ വിഭാഗം ആരംഭിച്ചിരിക്കുന്നത്.

### ഭവനകേന്ദ്രീകൃത പരിചരണത്തെക്കുറിച്ച് വിശദീകരിക്കാമോ? അത്യാഹിത സന്ദർഭങ്ങളിൽ ഈ സേവനം ലഭ്യമാണോ ?

ഇതിനായി ലൂർദ് ആശുപത്രിയിൽ ഫാമിലി മെഡിസിൻ വിഭാഗത്തിൽ മുൻകൂട്ടി റജിസ്റ്റർ ചെയ്യേണ്ടതാണ്. നിശ്ചിത ദൂരപരിധിയിലുള്ള വീടുകളിലാണ് ഈ സേവനം ലഭ്യമാകുന്നത്. ഡോക്ടറും നഴ്സുമാരും കൂടാതെ ആവശ്യ സന്ദർഭങ്ങളിൽ ഫിസിയോതെറാപ്പിസ്റ്റും മെഡിക്കൽ സോഷ്യൽ വർക്കറും ഭവനകേന്ദ്രീകൃത പരിചരണത്തിനുള്ള സംഘത്തിലുണ്ടാകും. മുൻകൂട്ടി തീരുമാനിക്കുന്ന നിശ്ചിത ദിവസങ്ങളിൽ ആയിരിക്കും സന്ദർശിക്കുക. ഇതൊരു അത്യാഹിത സേവനമല്ല എന്നു കൂടി ഓർമിക്കുക.

### ലൂർദ് ആശുപത്രിയിൽ ഈ വിഭാഗത്തിൽ ലഭ്യമായ സേവനങ്ങൾ എന്തെല്ലാമാണ് ?

- **ജനറൽ ഒ.പി :**
  ഇവിടെ എല്ലാ രോഗങ്ങൾക്കുമുള്ള പ്രാഥമിക ചികിത്സയും പല രോഗങ്ങൾക്കുമുള്ള തുടർ ചികിത്സയും ലഭ്യമാണ്. ആവശ്യമുള്ള ഘട്ടങ്ങളിൽ മറ്റ് വിഭാഗങ്ങളിലെ വിദഗ്ദരുടെ സേവനം ലഭ്യമാക്കാൻ റഫറൽ സൗകര്യവുമുണ്ട്.
- **ഭവനകേന്ദ്രീകൃത പരിചരണം :**
  ഡോക്ടറും നഴ്സുമാരും അടങ്ങുന്ന ഒരു സംഘം വീടുകൾ സന്ദർശിച്ച് പ്രായമായവരെയും കിടപ്പു രോഗികളേയും പരിശോധിച്ച് ചികിത്സ നൽകുന്നു.
- **സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ :**
  ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത പല സ്ഥലങ്ങളിലും ലൂർദ് ആശുപത്രിയുടെ സാറ്റ്ലൈറ്റ് കേന്ദ്രങ്ങൾ എന്നറിയപ്പെടുന്ന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ചേന്നൂർ, കാരിക്കാട്ടുതുരുത്ത്, വലിയ കടമക്കുടി, ചെറിയ കടമക്കുടി, ചാപ്പകടപ്പുറം, നെടുങ്ങാട്, ഉണിച്ചിറ, പാലാരിവട്ടം പി.എ.സി. എന്നിവിടങ്ങളിലാണ് ഇപ്പോൾ ഈ കേന്ദ്രങ്ങൾ ഉള്ളത്.
- സ്ക്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കായി ആരോഗ്യ പരിശോധനകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തുന്നു.
- മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നു.



## പ്രകൃതിസൗഹൃദവുമായി ഹരിതലൂർദ്

ലോക പരിസ്ഥിതി ദിനത്തിൽ പ്രകൃതിസ്നേഹികളോടു കൈകോർത്തു കൊണ്ട് ലൂർദ് ആശുപത്രി ആവിഷ്കരിച്ച ഹരിത ലൂർദ് പദ്ധതി സംഗീതസംവിധായകനും ഗായകനുമായ ശ്രീ. അൽഫോൺസ് ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി പ്രവർത്തകൻ ശ്രീ. വി. ജെ. ജോസ് മുഖ്യപ്രഭാഷണം നടത്തി. സ്റ്റാഫിന് ഒരു വൃക്ഷത്തൈ, ഡിപ്പാർട്ട്മെന്റിനൊരു തൈ, ആശുപത്രിയുടെ ഒഴിഞ്ഞ പറമ്പിലൊരു ചെടി എന്നതായിരുന്നു കർമപദ്ധതി. മികച്ച പരിസ്ഥിതി പ്രവർത്തനം നടത്തുന്ന ആതുരശുശ്രൂഷാ കേന്ദ്രത്തിനുള്ള പുരസ്കാരം ചടങ്ങിൽ വച്ച് ഡയറക്ടർ ഫാ. സാബു നെടുനിലത്ത് ഏറ്റുവാങ്ങി.

## ചലനാത്മകമായ ഭാവിയിലേക്ക് ചലനം 2012

ലൂർദിൽ സന്ധിമാറ്റ ശസ്ത്രക്രിയ്ക്കു വിധേയരായ ഇരുന്നൂറു പേരുടെ സംഗമമായ ചലനം 2012 മന്ത്രി ശ്രീ. കെ. ബാബു ഉദ്ഘാടനം ചെയ്തു. സിനിമാതാരം ശ്രീ. കൈലാഷ് വിശിഷ്ടാതിഥിയായിരുന്നു. ഡോ. ജോൺ തയ്യിൽ, ഡോ. ജോ തോമസ് എന്നിവർ ബോധവൽക്കരണക്ലാസുകൾ നടത്തി. ഫാ. സാബു നെടുനിലത്ത് അദ്ധ്യക്ഷനായിരുന്നു. ഡോ. സന്തോഷ് ജോൺ, ഡോ. എ. എസ്. രംഗസ്വാമി, ഡോ. ശ്യാമളകുമാരി, ശ്രീ. വി.പി. ജോസഫ് എന്നിവർ സംസാരിച്ചു. ലൂർദിലെ ഓർത്തോപീഡിക്സ് & ആർത്രോസ്കോപ്പിക് വിഭാഗമാണ് ചലനം 2012 സംഘടിപ്പിച്ചത്.





## അമ്മമാരുടെ ആഘോഷം

ലോക മാതൃദിനത്തോടനുബന്ധിച്ച് ലൂർദ് ആശുപത്രിയിൽ സംഘടിപ്പിച്ച മാതൃസ്പർശം 2012 പരിപാടി സിനിമാതാരം ശ്രീമതി കവിയൂർ പൊന്നമ്മ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വിവിധ മേഖലകളിൽ സേവനമർപ്പിക്കുന്ന അമ്മമാരെ ആദരിച്ചു.

## ലൂർദ് ഹെൽത്ത് ക്ലിനിക്ക് ആരംഭിച്ചു

പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ(പി.ഒ.സി) ആഭിമുഖ്യത്തിൽ പാലാരിവട്ടം കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ട്രസ്റ്റിൽ ലൂർദ് ആശുപത്രിയുടെ സഹകരണത്തോടെ ലൂർദ് ഹെൽത്ത് ക്ലിനിക് 2012 ജൂൺ 18-ാം തീയതി പ്രവർത്തനമാരംഭിച്ചു.

## സേവനത്തിന്റെ മാലാഖമാരെ അനുമോദിച്ചു

നിസ്തുലസേവനത്തിന്റെ മാലാഖമാർക്കു ആശംസകൾ നേർന്നു കൊണ്ട് ലൂർദ് നഴ്സസ് ഡേ 2012 ആഘോഷിച്ചു. എല്ലാ ഡോക്ടർമാരും ആശുപത്രിയുടെ പൂമുഖത്ത് അണിനിരന്ന് നഴ്സുമാർക്കു ആശംസകൾ അർപ്പിച്ചത് അവിസ്മരണീയ അനുഭവമായി. വൈകിട്ടു നടന്ന പൊതുസമ്മേളനം ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു. ക്ലോസിംഗ് ദ് ഗ്യാപ് ഫ്രം എവിഡൻസ് ടു ആക്ഷൻ എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ച നടന്നു. ഫാ. സാബു നെടുനിലത്ത്, സി. ബർത്തലോമ്യ ജോസഫ്, ശ്രീമതി ഗ്രേസി മത്തായി എന്നവർ സംസാരിച്ചു.





# ദൈവം തണലായ് വരുന്ന നിമിഷങ്ങൾ

അഭിലാഷ് ഫ്രേസർ

ലോകപ്രശസ്ത ഇംഗ്ലീഷ് കവി വില്യം ബട്‌ലർ യേറ്റ്സിന്റെ സുന്ദരമായ ഒരു കവിതയാണ് *ദി ബാലഡ് ഓഫ് ഫാദർ ഗില്ലിഗൻ*. വയോധികനും ക്ഷീണിതനുമായ ഫാ. ഗില്ലിഗൻ രോഗികളായി തീർന്ന തന്റെ അജഗണങ്ങളെയോർത്ത് ദൈവത്തോടു നൊമ്പരപ്പെടുന്ന ഒരു തണുത്ത സന്ധ്യയിലാണ് കവിത ആരംഭിക്കുന്നത്. പകർച്ചവ്യാധി മൂലം പലരും മരണത്തിനു കീഴ്പെട്ടു പോയിരുന്നു. ജനങ്ങൾക്കു സേവനം ചെയ്തു തളർന്ന ഗില്ലിഗനച്ചനെ തേടി വീണ്ടും ഒരാൾ എത്തുന്നു. ഒരാൾക്കു കൂടി അന്ത്യകൂദാശ കൊടുക്കണം.

ഒരു വേള മനസ്സിടറിയ ഗില്ലിഗനച്ചൻ ദൈവത്തോടു പരിഭവിക്കുന്നു. എനിക്കു യാതൊരാനന്ദവുമില്ല, ആശ്വാസവുമില്ല, വിശ്രമവുമില്ല. ജനങ്ങൾ മരിച്ചുകൊണ്ടേയിരിക്കുന്നു...
അടുത്ത നിമിഷം പശ്ചാത്താപവിവശനായ അച്ചൻ ദൈവത്തോടു യാചിക്കുന്നു, എന്റെ അവിവേകം പൊറുക്കുക. എന്റെ ബലഹീനത ക്ഷമിക്കുക!

പ്രാർത്ഥന കഴിഞ്ഞതും അച്ചൻ ക്ഷീണാധിക്യം മൂലം ഉറങ്ങിപ്പോയി. പിന്നെ അച്ചൻ ഉണർന്നത് രാവേറിയപ്പോണ്.

അന്നേരമാണ് അന്ത്യകൂദാശ കൊടുക്കേണ്ട ആളുടെ കാര്യം അച്ചൻ ഓർമിച്ചത്. ഉടനെ കുതിരയെ ഒരുക്കി അച്ചൻ യാത്രയായി.
വനവീഥികളും താഴ്‌വാരവും താണ്ടി രോഗിയുടെ വീട്ടിലെത്തിയപ്പോൾ രോഗിയുടെ ഭാര്യ ചോദിച്ചു: *അച്ചനെന്താ വീണ്ടും വന്നത്?*

വീട്ടിലെ വിജനത കണ്ടപ്പോൾ അച്ചന് കാര്യം മനസ്സിലായി.
*അദ്ദേഹം മരിച്ചു പോയോ?*
*ഉവ്വ്, ഒരു മണിക്കൂർ മുമ്പ്!* ആ സ്ത്രീ മറുപടി പറഞ്ഞു.
ഗില്ലിഗനച്ചന്റെ ഹൃദയം പശ്ചാത്താപവിവശമായി.

*അച്ചോ, അദ്ദേഹം ഏറെ ആഹ്ലാദത്തോടെയാണ് മരിച്ചത്,* ആ സ്ത്രീ തുടർന്നു, *അച്ചൻ നേരത്തെ ഇവിടെ വന്നു പോയ ഉടനെ!*

അച്ചന്റെ ഹൃദയം അത്ഭുതവും നന്ദിയും കൊണ്ടു നിറഞ്ഞു തുളുമ്പി. തന്റെ എളിയ ദാസന്മാർ ഉറങ്ങിപ്പോകുന്ന വേളയിൽ തന്റെ മാലാഖമാരെ അയച്ച് അശരണരെ സഹായിക്കുന്ന ദൈവത്തിന് സ്തുതി കീർത്തനമുണർന്നു!

ഓർമിക്കുക. നിങ്ങൾക്ക് എത്തിച്ചേരാനാകാത്ത ഇടങ്ങളിൽ നിങ്ങളുടെ പ്രാർത്ഥനയിലൂടെ ദൈവം എത്തുന്നു. നിങ്ങൾക്കു വേണ്ടി നിങ്ങളുടെ പ്രിയപ്പെട്ടവരുടെ കരം പിടിക്കുന്നു!



Homeday 2012

## വർണ്ണങ്ങളുടെ സംഗമം

കലയുടെയും ഉല്ലാസത്തിന്റെയും നടനത്തിന്റെയും സൗഹൃദത്തിന്റെയും വർണങ്ങൾ വാരി വിതറിയ ലൂർദ് കുടുംബ ദിനം എന്നുമോർക്കാൻ ഏഴഴകുള്ള ആഘോഷമായി മാറി. മഴവില്ലിന്റെ ഭംഗി വിരിയിച്ച ആ ദിനങ്ങളുടെ അനുപമ ചാരുത രേഖപ്പെടുത്തിയ വർണ്ണചിത്രങ്ങളിലൂടെ....

## HIGHER ENDS



### മൂത്രാശയക്കല്ല് പൊടിക്കുന്ന യന്ത്രം

വൃക്കകളിലും കരളിലും പിത്തസഞ്ചിയിലും മറ്റും രൂപപ്പെടുന്ന കല്ലുകൾ ശസ്ത്രക്രിയകൂടാതെ ഉയർന്ന തീവ്രതയിലുള്ള വൈദ്യുത കാന്തികതരംഗങ്ങൾ ഉപയോഗിച്ച് പൊടിച്ച് ഇല്ലാതാക്കുന്നതിനുള്ള ഉപകരണം. കല്ലുകൾ കണ്ടെത്തുന്നതിനും അതിന്റെ യഥാർത്ഥ സ്ഥാനം നിർണ്ണയിക്കുന്നതിനും എക്സ്-റേ വികിരണം ഉപയോഗിച്ചുള്ള സി-ആം എന്ന ഉപകരണവും, അൾട്രാസൗണ്ട് സ്കാനിംഗ് മെഷിനുകളും ഉപയോഗിക്കുന്നതാണ്.

### വെൻറിലേറ്റർ

അത്യാഹിതവിഭാഗത്തിലും തീവ്രപരിചരണ വിഭാഗത്തിലും ശസ്ത്രക്രിയകൾക്കുശേഷവും, ശ്വാസോച്ഛ്വാസം നടത്തുവാൻ ബുദ്ധിമുട്ടുള്ളവർക്ക് ആവശ്യമായ അളവിൽ ഓക്സിജൻ നൽകി ശ്വസന പ്രക്രിയയെ നിയന്ത്രിക്കുവാൻ സഹായിക്കുന്ന ഇലക്ട്രോണിക് ഉപകരണമാണ് വെൻറിലേറ്റർ. ഇത്തരം ആധുനിക വെൻറിലേറ്ററുകൾ ലൂർദിൽ ലഭ്യമാണ്.

31.6 cm



### ശസ്ത്രക്രിയയ്ക്കുവേണ്ട സൂക്ഷ്മദർശിനി

ശസ്ത്രക്രിയക്ക് വിധേയമാകുന്ന ശരീര ഭാഗത്തിന്റെ ചെറിയ കണികകൾ പോലും ആവശ്യാനുസരണം വലുതായും വ്യക്തമായും കാണുന്നതിന് ഉപയോഗിക്കുന്ന ഉപകരണം. ഇതിന്റെ ചലനങ്ങൾ നിയന്ത്രിക്കാൻ ഇലക്ട്രോണിക് സ്വിച്ചുകളും വൈദ്യുത കാന്തിക ബ്രേക്കുകളും ഘടിപ്പിച്ചിട്ടുണ്ട്.

### സി.ആം.

ശസ്ത്രക്രിയ സമയത്ത് മനുഷ്യശരീരത്തിലെ ആന്തരീകാവയവങ്ങളുടെ ഘടന എക്സ്-റേ വികിരണം ഉപയോഗിച്ച് മനസ്സിലാക്കുന്നതിനുള്ള ഉപകരണം. ഇതിൽ നിന്നുള്ള ചിത്രങ്ങൾ മോണിട്ടർ വഴി തത്സമയം റെക്കോർഡ് ചെയ്തും വീക്ഷിക്കാവുന്നതാണ്.

## DISCHARGE SHEET

# പ്രകൃതി കരയുന്നു

കത്തുന്ന വേനലിൽ ഉരുകവേ
ഒരു മിഴിനീരിനായ് കേഴുന്നു ഭൂമിയും
മണൽവാരലൊരു ശാപമായ് മാറവേ
ജനിക്കുന്നു മണലാരണ്യങ്ങൾ എവിടെയും
        മാനവർതൻ ക്രൂരതയിലിന്നീ ദിനം
        ആകാശകൂട തന്നിലൊരു വിള്ളലായ് വീഴവേ
        താണ്ഡവമാടുന്നു സമുദ്രമൊരു
        അമ്മതൻ മാതൃസ്നേഹത്തിൻ നെടുവീർപ്പിൻ
        സാക്ഷ്യമോ ?
നിറയുന്ന ധൂപത്താൽ ഇന്നീ വിണ്ണിതാ
ഓക്സിജൻ മാസ്കിനാൽ വാർത്തിടാൻ വെമ്പവേ
പകർച്ചവ്യാധികൾ ഒരു കനലായ് എരിയവേ
ഭൂമിയൊരു മാംസപിണ്ഡമായ് മാറുന്നുവോ...?
        ഇനിയും ദുരന്തങ്ങളെ താലോലിക്കവേ
        കൊഴിഞ്ഞു വീണൊരാ സ്മരണതൻ വേനലിൽ
        വീണ്ടുമൊരു മുകിലിനെ കാത്തിടും
        ഒരു ചെറുപുഴുവായ് ഞാനും ഈ മണ്ണിലിനി...
നദിഹൃദയം ആരണ്യകഥകളിൽ
നഗരമിത്തുകളിൽ പുതുപുരാണങ്ങളിൽ
വിമോചനം തേടിപ്പോയ മത്സ്യ-
ക്കുഞ്ഞുങ്ങൾക്കെന്തു പറ്റി...?
മേധ, നർമ്മദ കരയുന്നു
റീൽകേ, ഈ കാഴ്ചകൾ, അതീതമാം-
സൗന്ദര്യത്തിൻ തീർത്ഥാടനം...
വടക്കൻ കാറ്റിൽ പുഴ പൊഴിക്കുന്ന
മൂകസംഗീതമൊരു ബധിര വിലാപം

കന്യാതീരങ്ങളിൽ ആർത്തിയുടെ മാമാങ്കത്തിൽ
ചക്രപാടുകൾ ഭാവി ആവർത്തനങ്ങളിൽ
എൻ ഗോപാംഗനയുടെ ആടയൊളിപ്പിക്കാൻ
ഒരു കാളിന്ദീ തീരം
ഒരു കടമ്പിൻ ചില്ല
ആരുതരും എനിക്കാരുതരും?
തീപെട്ടുപോയ എന്റെ പിതൃക്കൾക്ക്
ബലിയിടാൻ ഒരു നിളാ നദി തരിക നീ...
        രക്തപ്പറമ്പിൽ നിന്നും
        വിശുദ്ധ നിദ്രയിലേക്ക് സ്നാനപ്പെടാൻ
        ഒരു ജോർദാൻ തരിക നീ
        അതുമില്ലെങ്കിൽ,
        വിശുദ്ധവികാരപ്രകമ്പനങ്ങളിൽ
        മുങ്ങി മരിക്കാനൊരു
        കക്കാത്തോട് ഹൃദയജലമെങ്കിലും
        തരിക നീ...

*ലൂർദ് കുടുംബ ദിനത്തോടനുബന്ധിച്ചു നടത്തിയ സാഹിത്യ രചനമത്സരങ്ങളിൽ സമ്മാനാർഹമായ കവിത*

ആവിഷ്കാരം: സോജൻ മാത്യു, സോണിയ കുര്യാക്കോസ്, റാണി തോമസ്സ്, ട്രീസ തോമസ്സ് (Yellow Group)

LOURDES HOSPITAL
www.lourdeshospital.in
Ernakulam, Kochi - 682 012, Kerala, India
Tel: +91 484 4123456, 4125555 Fax: +91 484 2393720
email: lourdeshospital@vsnl.com

printed, published and owned by Lourdes Hospital and printed at Orakle Printers, Kochi - 682018 and published at Cochin - 682 012. Private circulation only